# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഒക്ടോബർ 28

# വാർത്താക്കുറിപ്പ്

## പി.ജി - ബിഎഡ് പ്രവേശനം - മൂന്നാം അലോട്മെന്റ്

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്ട്സ് ആൻ്റ് സയൻസ് കോളജുകളിലെ ബിരുദാനന്തര - ബിരുദ പ്രവേശനത്തിനും ട്രെയിനിംഗ് കോളജുകളിലെ ബി.എഡ് പ്രവേശനത്തിനുള്ള മൂന്നാം അലോട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. മൂന്നാം അലോട്ട്മെൻ്റിൽ പ്രവേശനം ലഭിച്ചവർ നവമ്പർ രണ്ടിന് വൈകിട്ട് നാല് മണിയ്ക്ക് മുൻപ് നിശ്ചിത സർവ്വകലാശാല ഫീസ് ഓൺലൈനായി ഒടുക്കി പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുകയും സീറ്റ് ലഭിച്ച കോളജിലെത്തി പ്രവേശനം ഉറപ്പാക്കുകയും വേണം. നിശ്ചിത സമയത്തിനുള്ളിൽ പ്രവേശന നടപടികൾ പൂർത്തിയാക്കാത്തവരുടെ അലോട്ട്മെൻ്റ് റദ്ദാകും. പ്രവേശനം ഉറപ്പാക്കിയവർ കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം. കൺഫർമേഷൻ സ്ലിപ്പിൻ്റെ അഭാവത്തിൽ ഒരു സംബന്ധിച്ച പരാതികൾ സർവ്വകാശാല പരിഗണിക്കില്ല. മൂന്നാം അലോട്ട്മെൻ്റിനു ശേഷം പട്ടിക വിഭാഗങ്ങളിൽപ്പെട്ട അപേക്ഷകർക്ക് മാത്രമേ താത്ക്കാലിക പ്രവേശനം അനുവദിക്കുകയുള്ളു എന്നതിനാൽ മുൻ അലോട്ട്മെൻറുകളിൽ താത്ക്കാലിക പ്രവേശനം നേടിയ മറ്റ് വിഭാഗക്കാർ ലഭ്യമായ സീറ്റുകളിൽ പ്രവേശനം ഉറപ്പാക്കേണ്ടതാണ്. ഒന്നാം സെമസ്റ്റർ ബി.എഡ്, ബിരുദാനന്തര - ബിരുദ ക്ലാസ്സുകൾ നവമ്പർ മൂന്നിന് ആരംഭിക്കാനാണ് സർവ്വകലാശാല തീരുമാനിച്ചിട്ടുള്ളത് .

(പി.ആർ.ഒ/39/1197/2021)

## അപേക്ഷ തീയതി

പത്താം സെമസ്റ്റർ ബി.ആർക് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ തിസീസ് മൂല്യനിർണയത്തിനും വൈവാ - വോസിക്കും പിഴയില്ലാതെ ഒക്ടോബർ 30 വരെയും 525 രൂപ പിഴയോടെ നവംബർ രണ്ടിനും 1050 രൂപ സൂപ്പർഫൈനോടെ നവംബർ മൂന്നിനും അപേക്ഷിക്കാം. വിദ്യാർഥികൾ പ്രൊവിഷണൽ സർട്ടിഫിക്കറ്റിന്റെ ഫീസായി 135 രൂപ പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/1198/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് നടത്തുന്ന 2021-23 ബാച്ച് എം.എഡ്. പ്രോഗ്രാമിന് പട്ടികജാതി വിഭാഗത്തിനായി സംവരണം ചെയ്ത ഒരു സീറ്റൊഴിവുണ്ട്. ക്യാറ്റ് 2021 പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ള വിദ്യാർഥികൾ യോഗ്യത/ ജാതി/ വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി ഇന്ന് (ഒക്ടോബർ 29 ) ഉച്ചയ്ക്ക് രണ്ടിനകം പഠനവകുപ്പിലെത്തി രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യുന്ന അപേക്ഷകരുടെ മെറിറ്റ് അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക. എൻ.എസ്.എസ്./ എൻ.സി.സി./ എക്സ് സർവീസ് സർട്ടിഫിക്കറ്റുകൾ ഉള്ളവർ ആയത് ഹാജരാക്കണം. അവർക്ക് നിയമാനുസൃതമായ വെയിറ്റേജ് മാർക്കുകൾ ലഭിക്കും. ബിരുദാനന്തര ബിരുദമുള്ളവർക്ക് മാർക്കടിസ്ഥാനത്തിൽ ബോണസ് മാർക്കും ലഭിക്കും. വിശദവിവരത്തിന് ഫോൺ: 0481-2731042

(പി.ആർ.ഒ/39/1199/2021)

മാനവിക വിഷയങ്ങൾക്കായുള്ള യു.ജി.സി.-നെറ്റ്/ ജെ.ആർ.എഫ്. പരീക്ഷയുടെ ജനറൽ പേപ്പറിനുവേണ്ടിയുള്ള സൗജന്യ പരിശീലനം മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നവംബർ ഒന്നിന് ആരംഭിക്കും. ഏതാനും സീറ്റൊഴിവുണ്ട്. പങ്കെടുക്കാൻ താല്പര്യമുള്ളവർ 0481-2731025 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടണം.

(പി.ആർ.ഒ/39/1200/2021)

## സ്പോട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തുന്ന എം.എ.- ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്മെന്റ് സ്റ്റഡീസ് എന്നീ വിഷയങ്ങളിൽ ഏതാനും സീറ്റൊഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ 45 ശതമാനം മാർക്കോടെയുള്ള ബിരുദമാണ് യോഗ്യത. താല്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി നവംബർ ഒന്നിന് പഠനവകുപ്പ് ഓഫീസിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 9496793200, 7559085601.

(പി.ആർ.ഒ/39/1201/2021)

## പരീക്ഷഫലം

2021 ജനുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എഫ്.ടി., ബി.എസ്.ഡബ്ല്യു., ബി.ടി.എസ്. (2013-2016 അഡ്മിഷൻ) ബി.പി.എ. (2013-2015 അഡ്മിഷൻ വരെ) സി.ബി.സി.എസ്.എസ്. (മോഡൽ 3) സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1202/2021)

2021 ജനുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ് സി. മോഡൽ 1, 2, 3 (2013-2016 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1203/2021)

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ് സി. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് റഗുലർ, സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ അഞ്ചുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1204/2021)

2021 സെപ്തംബറിൽ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് സയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.ഫിൽ - ഫിസിക്സ് (സി.എസ്.എസ്. - 2019 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1205/2021)

2021 ഏപ്രിലിൽ നടന്ന മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് (എം.എച്ച്.ആർ.എം. - പുതിയ സ്കീം, 2019 അഡ്മിഷൻ - റഗുലർ/2018 അഡ്മിഷൻ - സപ്ലിമെന്ററി, പഴയ സ്കീം, 2016, 2017 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1206/2021)

## സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോളജി ഉദ്ഘാടനം നവംബർ രണ്ടിന്

മഹാത്മാഗാന്ധി സർവകലാശാലയുടെ പുതിയ പഠനവകുപ്പായ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോളജിയുടെ ഉദ്ഘാടനം നവംബർ രണ്ടിന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കും. ഫുഡ് സയൻസ് ആന്റ് ടെക്നോളജി വിഭാഗം ഓണററി ഡയറക്ടർ ഡോ. ജിഷ എം.എസ്., കോ-ഓർഡിനേറ്റർ ഡോ. അനുജാ തോമസ് എന്നിവർ സംസാരിക്കും. തുടർന്ന് 'ഫുഡ് സയൻസ് - ട്രാൻസ്ഫോമിംഗ് ഫുഡ് സിസ്റ്റംസ് ഫോർ ബെറ്റർ ഹെൽത്ത്" എന്ന വിഷയത്തിൽ നടക്കുന്ന വെബിനാറിൽ സി.എസ്.ഐ.ആർ.-സി.എഫ്.ടി.ആർ.ഐ. ഡയറക്ടറും രാജ്യാന്തര ശാസ്ത്രജ്ഞയുമായ ഡോ. ശ്രീദേവി എ. സിംഗ് മുഖ്യപ്രഭാഷണം നടത്തും. തുടർന്ന് അധ്യാപക-വിദ്യാർഥി സംവാദവും നടക്കും.

(പി.ആർ.ഒ/39/1207/2021)

## ഗ്ലോബൽ അലൂമ്നി മീറ്റ് നാളെ ( ഒക്ടോബർ 30)

മഹാത്മാഗാന്ധി സർവകലാശാല കാമ്പസ് ഗ്ലോബൽ അലൂമ്നി മീറ്റ് ഒക്ടോബർ 30ന് വൈകീട്ട് മൂന്നിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ സഹകരണ-രജിസ്ട്രേഷൻ മന്ത്രി വി.എൻ. വാസവൻ പങ്കെടുക്കും. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, ഹയർ എജ്യൂക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ, സിൻഡിക്കേറ്റംഗങ്ങളായ റെജി സക്കറിയ, ഡോ. എ. ജോസ്, രജിസ്ട്രാർ പ്രൊഫ. ബി. പ്രകാശ്കുമാർ, ശാന്തി സ്വരൂപ് ഭട്നകർ അവാർഡ് ജേതാവ് പ്രൊഫ. സുബി ജേക്കബ് ജോർജ്, ബംഗളൂരു, ലീഡ്സ് സർവകലാശാലയിലെ പ്രൊഫ. ജിൻ ജോസ്, ഡോ. രഹ്ന രവീന്ദ്രൻ, പ്രൊഫ. ജോണി ജോൺസൺ എന്നിവർ പങ്കെടുക്കും. ടി.ഒ. ബോസ്, പ്രൊഫ. എം.പി. മത്തായി, ഡോ. ഫിലിപ്പ് മാത്യു, ഡോ. ശാലിനി മാത്യു, ഡോ. ശ്രീകാന്ത് എസ്.വി., ഡോ. ബെന്നി കെ. ജോർജ്, ഡോ. ആശ സുന്ദരം, ലിജു തോമസ്, അജിത് പരമേശ്വരൻ, അമിത് എബ്രഹാം, ഡോ. ജോഷി ജോർജ്, ജി. ശ്രീകുമാർ, ജോർജ് സെബാസ്റ്റ്യൻ, നിഡുപ് ഡോർജി, ജയശങ്കർ, ഡോ. കെ.ബി. ഉഷ,

പവനം തോമസ്, അർച്ചന, ജെയിംസ് നെടുമ്പ്ര, സുരേഷ് മാധവൻ, അമ്പാടി കെ.ജി., കിരൺ കക്കടെ, നാന ഒപക്, ഡോ. ബിജുലാൽ എന്നിവർ സംസാരിക്കും.

(പി.ആർ.ഒ/39/1208/2021)

## സൗജന്യ വാക്സിനേഷൻ യജ്ഞം

പ്രിയദർശിനി ഹിൽസ് ജൂനിയർ ചേംബർ ഇന്റർനാഷണൽ , ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ്, മഹാത്മാഗാന്ധി സർവകലാശാല ടീച്ചേഴ്സ് അസോസിയേഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച കോവിഡ് 19 മെഗാ വാക്സിഷേൻ യജ്ഞം പ്രോ-വൈസ് ചാൻസലർ സി.റ്റി അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. സർവകലാശാല അസംബ്ലി ഹാളിൽ നടന്ന ചടങ്ങിൽ പി.റ്റി. ബാബുരാജ് (ഡയറക്ടർ, ഐ.യു.സി.ഡി.എസ്.), പ്രൊഫ. ജയചന്ദ്രൻ (സ്കൂൾ ഓഫ് ബയോസയൻസസ്), ഡോ. പി.ആർ. ബിജു (സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ്), സിമി പീറ്റർ (പ്രസിഡന്റ് ജെ.സി.ഐ.), ഫെബിലിയോ മാത്യു (പ്രൊജക്ട ് ഡയറക്ടർ ജെ.സി.ഐ.), ഡോ. ധന്യ (മെഡിക്കൽ ഓഫീസർ, അതിരമ്പുഴ പി.എച്ച്.സി.) എന്നിവർ സംസാരിച്ചു. അതിരമ്പുഴ പി.എച്ച്.സി.യിലെ എട്ടംഗ മെഡിക്കൽ സംഘമാണ് വാക്സിനേഷൻ ഡ്രൈവിന് നേതൃത്വം നൽകിയത്.

### ഫോട്ടോ ക്യാപ്ഷൻ

**ജൂനിയർ ചേംബർ ഇന്റർനാഷണൽ പ്രിയദർശിനി ഹിൽസ്, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ്, മഹാത്മാഗാന്ധി സർവകലാശാല ടീച്ചേഴ്സ് അസോസിയേഷൻ എന്നിവർ സംയുക്തമായി സംഘടിപ്പിച്ച മെഗാ വാക്സിനേഷൻ ഡ്രൈവ് പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/1209/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഒക്ടോബർ 28

# വാർത്താക്കുറിപ്പ് - 2

---

## മാറ്റിവച്ച പരീക്ഷ ഇന്ന് (ഒക്ടോബർ29)

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസ് ഒക്ടോബർ 20, 22 തിയതികളിൽ നടത്താൻ നിശ്ചയിച്ച് പിന്നീട് മാറ്റി വച്ച പി എച്ച് ഡി കോഴ്സ് വർക്ക് എക്സ്റ്റേർണൽ പരീക്ഷകൾ ( 2020 ബാച്ച് - സെക്കൻ്റ് സ്പെൽ ) ഒക്ടോബർ 29, നവമ്പർ 1 തീയതികളിൽ നടക്കും. വിശദാംശങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1210/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ